<u>പതിനാലാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3844 — 23.8.2017 -ൽ മറുപടിയ്ക്ക്

## ബി.ആർ.ഡി.സി യുടെ നേതൃത്വത്തിൽ നടത്തിയ ശില്പശാല

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). |
|---|---|---|---|
| എ) | 2016 ഡിസംബർ 15, 16 തീയതികളിൽ ബേക്കൽ ക്ലബ് നീലേശ്വരത്ത് വെച്ച് ബി.ആർ.ഡി.സി യുടെ (ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ) നേതൃത്വത്തിൽ നടത്തിയ ശില്പശാലയിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | എ) | ബി.ആർ.ഡി.സി (ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ) 2016 ഡിസംബർ 15, 16 തീയതികളിൽ ബേക്കൽ ക്ലബ് നീലേശ്വരത്ത് വെച്ച് നടത്തിയ ശില്പശാലക്ക് 4,95,329/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശില്പശാലയിൽ ക്ലാസ് എടുത്തവർക്കും പങ്കെടുത്തവർക്കും താമസം, ഭക്ഷണം (2 ദിവസത്തേക്ക്) എന്നിവയ്ക്ക് 1,88,348/- രൂപയും, ശില്പശാലയിൽ ക്ലാസ് എടുത്തവർക്ക് യാത്ര ചെലവുകൾക്ക് 30,547/- രൂപയും, വേദി സജ്ജീകരിക്കൽ മറ്റു കാര്യങ്ങൾക്കും (ലൈറ്റ്, സൗണ്ട്, പ്രോജക്റ്റർ, സൈനേജ് മുതലായവ) 1,58,020/- രൂപയും, ഫോട്ടോ & വീഡിയോഗ്രാഫി എന്നിവയ്ക്കായി 47,000/- രൂപയും, ഓണറേറിയം (ശില്പശാലയിൽ ക്ലാസ് എടുത്തവർക്കും മറ്റും) 51,000/- രൂപയും, അനുബന്ധ ചെലവുകൾക്കായി 20,414/- രൂപയും ആയിട്ടുണ്ട്. കൂടാതെ സംരംഭകത്വ വികസന പരിപാടികൾക്ക് ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രോമോ മൂവി |

| | | | |
|---|---|---|---|
| | | | 7,36,000/- രൂപ ചെലവിൽ പ്രസ്തുത ശില്പശാലയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. |
| ബി) | ശില്പശാലയിൽ ചെലവഴിച്ച തുക സംബന്ധിച്ച് വന്നിട്ടുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിൽ ഫിനാൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ; | ബി) യും സി) യും | ടൂറിസം വകുപ്പിൽ ഫിനാൻസ് വിഭാഗം മുഖാന്തിരം അന്വേഷണം നടത്തിയിട്ടുണ്ട്. ഫിനാൻസ് വിഭാഗം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ടൂറിസം ഡയറക്ടറുടെ പരിശോധനയിലാണ്. |
| സി) | ഈ അന്വേഷണ വിഭാഗം എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ